പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1730    13.07.2011 - ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിൽ മൈലാട്ടിയിൽ സ്ഥാപിച്ച ഉദുമ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും, നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ മൈലാട്ടിയിൽ സ്ഥാപിച്ച ഉദുമ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) കാസർഗോഡ് ജില്ലയിൽ മൈലാട്ടിയിൽ സ്ഥാപിക്കപ്പെട്ട ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ യന്ത്ര സാമഗ്രികളെല്ലാം പ്രവർത്തനക്ഷമമായിരിക്കുന്നു. പരിശോധനാ പ്രവർത്തനം പൂർത്തിയായി കൊണ്ടിരിക്കുന്നു. |
| (ബി) പ്രസ്തുത സ്ഥാപനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; | (ബി) പ്രസ്തുത സ്ഥാപനത്തിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിന് തെരഞ്ഞെടുപ്പു പരീക്ഷയും, ഇന്റർവ്യൂവും നടത്തുന്നതിന് കേരള സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസിലിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. |
| (സി) പ്രസ്തുത ഏജൻസി, പരീക്ഷയും ഇന്റർവ്യൂവും നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) ഉണ്ട്. ഈ റാങ്ക്ലിസ്റ്റ് പ്രകാരം 29 പേർക്ക് നിയമന ഉത്തരവ് അയച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത ലിസ്റ്റിൽ നിന്നും ജീവനക്കാരെ നിയമിച്ച് മില്ലിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ